

• **അനുഭവം**

ജാപ്പനീസ് കർഷകനും നർത്തകനും അഭിനേതാവും സംവിധായകനുമായ മിൻതനാക്ക 2009 ജനുവരി 16ന് പ്ളാച്ചിമടയിൽ ബൂട്ടോഹ് നൃത്തം അവതരിപ്പിച്ചു.

കേരളത്തിലെയും തമിഴ്നാട്ടിലെയും വിവിധ സദസുകളിൽ ഇത് സംഘടിപ്പിക്കുന്നത് ഇരിങ്ങാലക്കുട നടനകൈരളിയാണ്.

# ബൂട്ടോഹുമായി മിൻ തനാക്ക പ്ളാച്ചിമടയിൽ

സ്യമന്തകൻ

രണ്ടാംലോക മഹായുദ്ധം വിതച്ച നടുക്കവും വിമ്മിഷ്ടവും അയവുവരുത്തുന്നതിന്റെ ഭാഗമായി ആവിർഭവിച്ച നൃത്തരൂപമാണ് ബുട്ടോഹ്. കാണികളിലേക്ക് കുറെ ആശയങ്ങൾ കടത്തിവിടുന്നതിനേക്കാൾ തീവ്രമായ വികാരങ്ങളുടെ ആവിഷ്കാരത്തിനാണ് ബുട്ടോഹ് ഊന്നൽ നൽകുന്നത്. കലാകാരന്റെ മനസിൽ പതിഞ്ഞ ഏതെങ്കിലും സംഭവമോ കഥയോ അയാൾ അപ്പോൾ നേരിടുന്ന സംഘർഷമോ മനസിനെ മദിക്കുന്ന അനുഭവമോ ആകാം ആവിഷ്കരിക്കപ്പെടുന്നത്. കാണികൾ അവരുടെ അഭിരുചിക്കനുസരിച്ചായിരിക്കും അതിനെ ആസ്വദിക്കുന്നതും സ്വാംശീകരിക്കുന്നതും. മുൻനിശ്ചയിച്ച കഥയോ നിയതമായ ഘടനയോ ഇല്ലാത്ത ബൂട്ടോഹ് സാമ്പ്രദായിക രീതികൾക്ക് എതിരായി ഉടലെടുത്തതാണ്.

കഥയറിഞ്ഞാലേ കല ആസ്വദിക്കാനാവൂയെന്ന വരേണ്യ കലകളുടെ ഗതികേട് ഇതിനില്ല. സമൂഹത്തിലെ അധകൃതരാക്കപ്പെട്ട ഒരു ജനസമൂഹത്തിന്റെ പ്രതിനിധിയായി നിന്ന് ആഗോളഭീമനെതിരെയുള്ള പ്രതിഷേധം ആവിഷ്കരിക്കാൻ ഒരു കഥയും സ്ക്രിപ്റ്റും ഘടനയും വേണ്ടെന്ന് മിൻതനാക്കയുടെ പ്ലാച്ചിമടയിലെ ഭാവാഭിനയം തെളിയിച്ചു.

കുട്ടികളും സ്ത്രീകളും കലാകാരൻമാരും അടങ്ങിയ ചെറിയ സദസ് ദൈന്യം നിറഞ്ഞ ആ മുതുമുത്തച്ഛന്റെ സൈക്കിളുന്തിയുള്ള വരവു കണ്ട് ശ്വാസമടക്കി നിന്നു. ആ പരവശതയിൽ നിലനിന്നുകൊണ്ടുതന്നെ കോളയോടുള്ള ശക്തമായ പ്രതിഷേധം അദ്ദേഹം അറിയിച്ചപ്പോൾ അവിടെ കൂടിയവരുടെ മനസും ആ നിമിഷം പ്രതിഷേധത്തിൽ പങ്കുചേർന്നുവെന്നത് ബൂട്ടോഹ് എന്ന കലാരൂപത്തിന്റെ വിജയംതന്നെ. പ്ളാച്ചിമടയിൽനിന്നും പുറപ്പെടും മുമ്പ് അദ്ദേഹം ഇങ്ങനെ പറഞ്ഞു. എന്റെ ആവിഷ്കാരത്തിലൂടെ ന്യായമായ ഈ സമരത്തിന് കുറച്ചെങ്കിലും ആവേശം നൽകാൻ കഴിഞ്ഞെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു. ഈ ജനതയ്ക്ക് ഞാനെന്റെ ഭാവുകങ്ങൾ നേരുന്നു.

സ്വന്തം ആത്മാവിഷ്കാരമാണ് ബുട്ടോഹ്. കേൾക്കുമ്പോഴുണ്ടാവുന്ന വിമുഖതയിൽനിന്നും സാമൂഹികമോ വ്യക്തിപരമോ ആയ ഒരു പ്രശ്നത്തെ ആവിഷ്കരിക്കാനുള്ള ബൂട്ടോഹിന്റെ സാധ്യതകൾ കണ്ട് നാം ഇതിനെ അഭിനന്ദിച്ചുപോവുന്നു.

1945ൽ ടോക്കിയോവിൽ ജനിച്ച മിൻതനാക്ക നൃത്തംചെയ്യുന്ന കർഷകൻ എന്ന് സ്വയം വിശേഷിപ്പിക്കുന്നു. അമേരിക്ക ടോക്കിയോ നഗര



ത്തിൽ അതിശക്തമായി ബോംബ് വർഷിച്ച ഒരു രാത്രി നഗരം മുഴുവൻ പ്രകാശമാനമായിരുന്നുവത്രേ. ആ ആഘാതത്തിന്റെ ഏഴാം മാസത്തിലാണ് മിൻതനാക്ക ജനിക്കുന്നത്.

40 വയസുവരെ കേവലം നർത്തകനായാണ് മിൻതനാക്ക കഴിഞ്ഞിരുന്നത്. കലാകാരനായതുകൊണ്ടു മാത്രം ഒരു പൂർണ്ണ മനുഷ്യനാവില്ലെന്ന തിരിച്ചറിവു മൂലമാണ് അദ്ദേഹം കൃഷിയിലേക്ക് തിരിഞ്ഞത്. ഒരു മലമുകളിൽ കുറെ സ്ഥലം പാട്ടത്തിനെടുത്ത് ഇദ്ദേഹവും സഹപ്രവർത്തകരും ജൈവകൃഷി തുടങ്ങി. അങ്ങനെയാണ് നൃത്തം മസിലുകൊണ്ടല്ല, മനസുകൊണ്ട് ചെയ്യേണ്ടതാണെന്നുള്ള ബോധ്യമുണ്ടാവുന്നത്. ദിവസം മുഴുവൻ അധ്വാനിക്കേണ്ട കർഷകന്റെ താളബോധവും ശാരീരിക ക്ഷമതയും തന്നെയാണത്രേ ബുട്ടോഹിനും വേണ്ടത്. തന്റെ 64 ാം വയസിലും തുടരുന്ന നർത്തനത്തിന്റെ പ്രധാന ഉത്തേജനം കൃഷി തന്നെ. കലകൊണ്ടു മാത്രം ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കാനാവില്ല. അദ്ദേഹത്തിന്റെ ശിഷ്യരായി നർത്തനം അഭ്യസിക്കേണ്ടവർക്ക് കൃഷിപ്പണി ഉൾപ്പെടെയുള്ള പല ചര്യകളും അനുസരിച്ചുവേണം ഇത് സ്വായത്തമാക്കാൻ. എന്റെ ആവിഷ്കാരം എന്റെ ഭാഷയാണ്. മുഷ്യരെ ഉണർത്തുകയെന്നത് കലയുടെ ധർമ്മമാണ്. കല കേവലം കലയ്ക്കുവേണ്ടിയാകുമ്പോൾ അത അപൂർണ്ണമാണ. എന്നാൽ കല ആശയപ്രചാരണമാവുമ്പോൾ അത് ഉപരിപ്ളവമാകുന്നു. ഊർജ്ജത്തിന്റെ ശരിയായ വിനിയോഗം പ്രധാനമാണ്. ഈ നൃത്തം കാണുമ്പോൾ കാണികൾക്ക് അവരുടേതായ കഥ ചമയ്ക്കാനാവുന്നു. അതുകൊണ്ട് ഈ കല പൂർണ്ണമാകുന്നത് കാണികളിലൂടെയാണ്. നൃത്തത്തിന്റെ ഉറവിടത്തെക്കുറിച്ച് തന്റെ കലയിലൂടെ അന്വേഷിക്കാറുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പ്രകൃതിയിൽ എല്ലാം വൃത്താകൃതിയിലും വളഞ്ഞുള്ളതുമാണ്. ആധുനിക മനുഷ്യൻ ഇതിനെയെല്ലാം ചതുരമാക്കിക്കൊണ്ടിരിക്കുന്നു. ജപ്പാനിലെ കൃഷിയിടങ്ങൾ ചെറിയ ചെറിയ തട്ടുകളായി കിടക്കുന്നതിനാൽ യന്ത്രവത്കരണത്തേക്കാൾ അവിടെ മനുഷ്യൻ നേരിട്ട് ചെയ്യുന്ന കൃഷിയാണ് അഭികാമ്യം. തന്റെ നൃത്തപര്യടനങ്ങളുമായി ബന്ധപ്പെട്ട് പല നാടുകളിൽ പോയത് അദ്ദേഹം അനുസ്മരിച്ചു. ഏഷ്യൻ രാജ്യങ്ങളിൽ വരുമ്പോൾ ജപ്പാന്റെ കൊളോണിയൽ ചരിത്രം മൂലം തനിക്ക് ലജ്ജയും കുറ്റബോധവും തോന്നാറുണ്ട്. ചൈനയിൽ സമ്പന്നരും പാവങ്ങളും തമ്മിലുള്ള വിടവ് അധികമാവുന്നുവെന്നാണ് അദ്ദേഹത്തിന്റെ വിലയിരുത്തൽ. പൊതുവെ ജീവിതത്തിന്റെ ഗതി ഭീകരമാണെങ്കിലും ശുഭാപ്തി വിശ്വാസമുണ്ടെന്നു പറഞ്ഞപ്പോൾ അദ്ദേഹം ചിരിച്ചു. വിശ്വാസത്തിനു വേണ്ടിയുള്ള വിശ്വാസമാകാം.



ബൂട്ടോഹിൽനിന്നും തന്റെ രീതിക്ക് ഏറെ മാറ്റങ്ങൾ വന്നതിനാൽ ഇന്നിതിനെ ബൂട്ടോഹ് എന്ന് പറയാമോയെന്നും അദ്ദേഹം ആശ്ചര്യപ്പെട്ടു.